2. ഗ്രാമങ്ങളിലെ എല്ലാ പാവപ്പെട്ടവർക്കും (ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും മുകളിലുള്ളവരും) ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പാക്കുക.

3. ഈടു നില്കുന്ന തനത് സാമൂഹ്യ സാമ്പത്തിക ആസ്തികൾ ഉണ്ടാക്കുക.

4. ഗ്രാമീണ മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക.

(ഇ) എസ്.ജി.ആർ.വൈ. പദ്ധതികളിലൂടെ ഇതുവരെ 26695.46 ലക്ഷം രൂപ കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്.

(എഫ്) എസ്. ജി. ആർ. വൈ. പദ്ധതിയിലൂടെ സൃഷ്ടിക്കപ്പെട്ട മനുഷ്യാവകാശ ദിനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.

മാരാരിക്കുളം മണ്ഡലത്തിലെ ഗ്രാമവികസന പ്രവർത്തനങ്ങൾ

169 [3574] ശ്രീ. ടി. യു. രാധാകൃഷ്ണൻ:

,, വി. ജെ. പൗലോസ്:

,, തമ്പാനൂർ രവി:

,, ടി. വി. ചന്ദ്രമോഹൻ:

,, ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാരാരിക്കുളം നിയോജക മണ്ഡലത്തിൽ വ്യത്യസ്തമായ രീതിയിലുള്ള ഗ്രാമവികസന പ്രവർത്തനം നടത്തുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രവർത്തനത്തിന് വിദേശ ഫണ്ട് ലഭിച്ചിരുന്നോ;

(സി) എങ്കിൽ ഏതെല്ലാം രാജ്യങ്ങളിൽ നിന്നും എന്ന് വെളിപ്പെടുത്തുമോ;

(ഡി) വിദേശത്തുനിന്ന് നിയന്ത്രണമില്ലാതെ ഫണ്ട് സ്വീകരിക്കാമോ;

(ഇ) വിദേശത്തുനിന്നും മാരാരിക്കുളം വികസനത്തിന്റെ പേരിൽ കിട്ടുന്ന ഫണ്ട് മുഴുവൻ അവിടെ ചെലവഴിക്കുന്നുണ്ടോ;

(എഫ്) അക്കാര്യം ഉറപ്പുവരുത്തുന്നത് എപ്രകാരമാണ് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മാരാരിക്കുളം നിയോജകമണ്ഡലത്തിൽപ്പെടുന്ന ആര്യാട്, കഞ്ഞിക്കുഴി ബ്ലോക്കുകളിൽ 'മെഡിക്കോം' എന്ന പേരിൽ ഒരു എസ്. ജി. എസ്. വൈ. സ്പെഷ്യൽ പ്രോജക്ട് ഗ്രാമവികസന വകുപ്പിന്റെ നിയന്ത്രണത്തിൽ നടപ്പിലാക്കി വരുന്നു.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇല്ല.

(ഇ & എഫ്) 'എ' പിരിവിൽ പറഞ്ഞിരിക്കുന്ന പ്രോജക്ടിനെ സംബന്ധിച്ചിടത്തോളം ചോദ്യം ഉദിക്കുന്നില്ല.

ഡി. ആർ. ഡി. എ.-ക്ക് അനുവദിക്കുന്ന ഫണ്ടിൽനിന്നും ഭരണ ചെലവുകൾക്കുള്ള തുക

170 [3575] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി. ആർ. ഡി. എ-ക്ക് അനുവദിക്കുന്ന ഫണ്ടിൽ നിന്നും എത്ര ശതമാനമാണ് ഭരണച്ചെലവുകൾക്ക് ഉപയോഗിക്കുവാൻ അനുവാദമുള്ളതെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള ഓരോ വർഷവും ഓരോ ജില്ലയ്ക്കും ഇപ്രകാരം ലഭിച്ച തുക, ചെലവഴിച്ച തുക എന്നിവ എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ തുകയിൽ നിന്നും ഗ്രാമവികസന കമ്മീഷണറേറ്റിലെ ഭരണച്ചെലവുകൾക്ക് എത്ര ശതമാനം തുകയാണ് നീക്കിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ ഇനത്തിൽ നിലവിൽ എന്തു തുകയാണ് കമ്മീഷണറുടെ പേരിൽ ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഡി. ആർ. ഡി. എ.-കൾക്കുള്ള ഭരണച്ചെലവിനുള്ള പണം വിവിധ പദ്ധതികൾക്ക് അനുവദിക്കുന്ന തുകയുടെ ഒരു നിശ്ചിത ശതമാനമായല്ല ഇപ്പോൾ അനുവദിക്കുന്നത്. 'ഡി. ആർ. ഡി. എ. അഡ്മിനിസ്ട്രേഷൻ സ്കീം' എന്ന പേരിൽ ഒരു പ്രത്യേക കേന്ദ്രാവിഷ്കൃത പദ്ധതി അനുസരിച്ചാണ് അനുവദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly